മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) സർക്കാർഭൂമി പാട്ടത്തിനു കൊടുക്കുമ്പോൾ നിവൃത്തിയുള്ളിടത്തോളം സ്വന്തം ഭൂമിയില്ലാത്തവർക്ക് കൊടുക്കണമെന്നാണ് ഗവണ്മെന്റിന്റെ പൊതുവെയുള്ള നയം.

(ബി) പ്രസ്തുത കാപ്പിന്റെ വിസ്തീർണ്ണം 96 ഏക്കർ, 40 സെന്റാണ്. ഇതിൽ ഏതാനും ഭാഗം പണ്ടിനാലെ ആ സ്ഥലത്തു മത്സ്യം പിടിച്ചു് ഉപജീവനം കഴിച്ചിരുന്ന പടന്നമാരുടെ സഹകരണസംഘത്തിനു ബാക്കിയുള്ളതു് 1117 മുതൽ ടി സ്ഥലം പാട്ടത്തിനെടുത്തു് നടന്നിരുന്നവരിലും 1129-ൽ പാട്ടത്തിനെടുത്തിരുന്നവരിലും അർഹരെന്നു തോന്നിയ ചിലർക്കാണ് 1130-ൽ പാട്ടത്തിനേല്പിച്ചതു്.

അഴിമതിനിരോധന ബില്ലു്.

* 756. [48] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്സു്. പി. ഗവണ്മെന്റു് തയ്യാറാക്കിയിരുന്ന അഴിമതിനിരോധനബില്ലു് ഈ നിയമസഭയിൽ അവതരിപ്പിച്ചു മേൽ നടപടികളെടുക്കുവാൻ ഈ ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അഴിമതിനിരോധനം സംബന്ധിച്ചുള്ള ഒരു ബില്ലു് നേരത്തെതന്നെ പരസ്യപ്പെടുത്തിക്കഴിഞ്ഞു. ഈ ബില്ലിനെപ്പറ്റി കേന്ദ്രഗവണ്മെന്റിന്റെ അഭിപ്രായം ആരായുകയും ബില്ലിലുള്ള ചില വകുപ്പുകളെപ്പറ്റി വളരെ പ്രധാനമായ ചില നിർദ്ദേശങ്ങളും കേന്ദ്രഗവണ്മെന്റു് നൽകുകയും ചെയ്തു. ഈ നിർദ്ദേശങ്ങളും ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(ബി) ഉദിക്കുന്നില്ല.

പെരിയാർ വെള്ളത്തെ സംബന്ധിച്ചുള്ള കരാറുകൾ.

* 757. [49] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻതിരുവിതാംകൂർ ഗവണ്മെന്റും മദ്രാസു് ഗവണ്മെന്റും തമ്മിൽ, പെരിയാർ വെള്ളത്തെ സംബന്ധിച്ചു് നിലവിലുണ്ടായിരുന്ന കരാറു് അടുത്തകാലത്തു് പുതുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു്;

(സി) വ്യവസ്ഥകളിൽ വന്നിട്ടുള്ള വ്യത്യാസം എന്തു്;

(ഡി) സ്റ്റോറിലെ ജലസമ്പത്തു് ഉപയോഗിക്കുന്നതിനെപ്പറ്റി മദ്രാസു് ധനകാര്യമന്ത്രിയുമായി ഈ ഗവണ്മെന്റു് എന്തെങ്കിലും ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ, ആ ചർച്ചകളുടെ സ്വഭാവമെന്തു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly